ജഡ്ജിമാരെ ഗുണ്ടകളെന്ന് വിളിച്ച അഭിഭാഷകന് ആറ് മാസം തടവ് വിധിച്ച് ഹൈക്കോടതി

ന്യൂദൽഹി: ജഡ്ജിമാരെ വാദം കേൾക്കലിനിടെ ഗുണ്ടകൾ എന്ന് വിളിച്ച അഭിഭാഷകന് ആറ് മാസത്തെ തടവ് ശിക്ഷ വിധിച്ചു. അലഹബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബെഞ്ച് അഭിഭാഷകനായ അശോക് പാണ്ഡെയെയാണ് തടവ് ശിക്ഷക്ക് വിധിച്ചത്. അലഹബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബെഞ്ചിലെ ജഡ്ജിമാരായ വിവേക് ചൗധരി, ബ്രിജ് രാജ് സിങ് എന്നിവരുടേതാണ് ഉത്തരവ്.

2021 ഓഗസ്റ്റ് 18-ന് അലഹബാദ് ഹൈക്കോടതിയിലെ ജസ്റ്റിസുമാരായ ഋതുരാജ് അവസ്തി, ദിനേശ്കുമാർ സിങ് എന്നിവരുടെ ബെഞ്ചിന് മുമ്പാകെ ഹാജരായപ്പോഴാണ് അശോക് ജഡ്ജിമാരെ അധിക്ഷേപിച്ച് സംസാരിച്ചത്. ഷർട്ടിന്റെ ബട്ടൻസ് ഇടാതെയും അഭിഭാഷകരുടെ റോബ് ധരിക്കാതെയുമാണ് ഇയാൾ കോടതിയിൽ എത്തിയത്. ജഡ്ജിമാർ ഇതിനെ എതിർത്തതോടെ അശോക് അവരെ ഗുണ്ടകളെന്ന് വിളിച്ച് അധിക്ഷേപിക്കുകയായിരുന്നു. ഇയാൾക്കെതിരെ തുടർന്ന് സ്വമേധയാ എടുത്ത കോടതിയലക്ഷ്യ കേസിലാണിപ്പോൾ വിധി. ജുഡീഷ്യറിയെ സ്ഥിരമായി അധിക്ഷേപിച്ച് സംസാരിക്കുന്ന വ്യക്തിയാണ് അശോക്. 2003-ലും 2017-ലും ഇയാൾ അവമതിപ്പോടെ സംസാരിച്ചുവെന്നും അലഹബാദ് ഹൈക്കോടതി വിധിയിൽ പറയുന്നുണ്ട്. ലഖ്നൗ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് മുമ്പാകെ കീഴടങ്ങാൻ കോടതി അശോകിന് നാലാഴ്ചത്തെ സമയം അനുവദിച്ചിട്ടുണ്ട്. തടവിന് പുറമെ 2000 രൂപ പിഴയും ഒടുക്കണം. പിഴയടച്ചില്ലെങ്കിൽ ഒരുമാസംകൂടി തടവ് അനുഭവിക്കണം. ഹൈക്കോടതിയിൽ പ്രക്ടീസ് ചെയ്യുന്നതിൽ നിന്ന് മൂന്ന് വർഷം വിലക്കായിരിക്കണമെങ്കിൽ അതിനുള്ള കാരണം ബോധിപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

സ്ത്രീകൾക്കെതിരായ പരാമർശം; പൊൻമുടിയെ പാർട്ടി സ്ഥാനത്ത് നിന്ന് നീക്കി

ചെന്നൈ: സ്ത്രീകൾക്കെതിരെ മോശം പരാമർശം നടത്തിയതിന് പിന്നാലെ വിവാദത്തിൽ കുരുങ്ങി തമിഴ്നാട് മന്ത്രി കെ. പൊൻമുടി. ശൈവ-വൈഷ്ണ വിഭാഗങ്ങളിലെ സ്ത്രീകളേക്കുറിച്ച് പൊൻമുടി സംസാരിക്കുന്നതിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചതോടെയാണ് വിവാദങ്ങൾ ആരംഭിച്ചത്. പിന്നാലെ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പൊൻമുടിയെ ഡിഎംകെ ഡെ. ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കി. നടപടിയെന്തിനെന്ന് സ്റ്റാലിൻ വ്യക്തമാക്കിയിട്ടില്ല.

എന്നാൽ, പൊൻമുടിയെ മന്ത്രി സ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്ന ആവശ്യവുമായി ബിജെപി ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ രംഗത്ത് വന്നു. പൊൻമുടി മന്ത്രിസ്ഥാനത്ത് തുടരുന്നത് ഉചിതമല്ലെന്നും അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ ഉത്തരവിടാൻ തയാറുണ്ടോയെന്നും സ്റ്റാലിനോട് ബിജെപിയുടെ തമിഴ്നാട് ഉപാധ്യക്ഷനായ നാരായണൻ തിരുപ്പതി സാമൂഹികമാധ്യമങ്ങളിലൂടെ ചോദിച്ചു.

സ്ത്രീകൾക്കെതിരെ വെറുപ്പുളവാക്കുന്ന പരാമർശങ്ങൾ നടത്തിയ പൊൻമുടിയെ മന്ത്രിസ്ഥാനത്ത് നിന്ന് നീക്കണമെന്ന് ബിജെപി നേതാവ് ഖുശ്ബു സുന്ദർ ആവശ്യപ്പെട്ടു. സ്ത്രീകളെയും ഹൈന്ദവരെയും അപമാനിക്കുന്നതിൽ മാത്രമാണ് ഡിഎംകെ ആനന്ദം കണ്ടെത്തുന്നത്. ഇപ്പോഴെങ്കിലും പൊൻമുടിയെ മന്ത്രി കസേരയിൽ നിന്ന് മാറ്റാൻ പാർട്ടിക്ക് ധൈര്യമുണ്ടോയെന്ന് ഖുശ്ബു ചോദിച്ചു.

വിവാദ പരാമർശത്തിന്റെ വീഡിയോ പങ്കുവച്ചുകൊണ്ടാണ് ഖുശ്ബു പ്രതികരിച്ചത്. പൊൻമുടിയുടെ മോശം പരാമർശത്തിനെതിരേ ഡിഎംകെ എംപി കനിമൊഴിയും രംഗത്തെത്തിയിരുന്നു.

ജോസ്കോ ജുവല്ലേഴ്സ് എം.ജി. റോഡ് ഷോറൂം ഉദ്ഘാടനം ഇന്ന്

കൊച്ചി: ജോസ്കോ ജുവല്ലേഴ്സിന്റെ നവീകരിച്ച കൊച്ചി എം.ജി. റോഡ് ഷോറൂം, ഇന്ന് രാവിലെ 10.30-ന് സിനിമാതാരം മഹിമ നമ്പ്യാർ ഉദ്ഘാടനം ചെയ്യും. വ്യത്യസ്തമായ ഷോപ്പിങ് അനുഭവത്തോടൊപ്പം അത്യാകർഷകമായ കളക്ഷനുകളും ഓഫറുകളും സമ്മാനങ്ങളുമാണ് ഉപഭോക്താക്കൾക്കായി ജുവല്ലേഴ്സിൽ ഒരുക്കിയിരിക്കുന്നതെന്ന് എംഡി ആൻഡ് സിഇഒ ടോണി ജോസ് അറിയിച്ചു. ഇന്ന് പർച്ചേസ് ചെയ്യുന്നവർക്ക് അന്നത്തെ സ്വർണവിലയിൽ നിന്ന് ഗ്രാമിന് 100 രൂപ കുറച്ച് പർച്ചേസ് ചെയ്യുവാനുള്ള അവസരവും ഉപഭോക്താക്കളെ കാത്തിരിക്കുന്നു. കൂടാതെ ഡയമണ്ട്, അൺകട്ട് ഡയമണ്ട് ആഭരണങ്ങളുടെ പണിക്കൂലിയിൽ പകുതി വില മാത്രം നൽകി ആഭരണങ്ങൾ സ്വന്തമാക്കാം. ഉദ്ഘാടന ദിവസം പർച്ചേസ് ചെയ്യുന്ന ആദ്യ 200 കസ്റ്റമേഴ്സിന് സ്പെഷ്യൽ ഗിഫ്റ്റുകൾ സ്വന്തമാക്കാം. ഇതുകൂടാതെ, ഇന്നു മുതൽ 19 വരെ പർച്ചേസ് ചെയ്യുന്നവരിൽ നിന്ന് ദിവസേനയുള്ള നറുക്കെടുപ്പുകളിലൂടെ 4 ഗ്രാം സ്വർണനാണയം വീതവും സമ്മാനമായി ലഭിക്കും.

രാജീവ് ചന്ദ്രശേഖർ അമിത്ഷായുമായി കൂടിക്കാഴ്ച നടത്തി

തിരുവനന്തപുരം: ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രി അമിത് ഷായെ സന്ദർശിച്ചു. സംസ്ഥാന അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട ശേഷം അമിത് ഷായുമായി രാജീവ് ചന്ദ്രശേഖറിന്റെ ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്. ദൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ ദേശീയ, സംസ്ഥാന രാഷ്ട്രീയ സാഹചര്യങ്ങളടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ബിജെപി സംസ്ഥാന ഘടകത്തിന്റെയും പ്രവ!ർത്തകരുടെയും ചിട്ടയായ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണയും മാർഗനിർദ്ദേശങ്ങളും ആഭ്യന്തര മന്ത്രി അമിത് ഷായോട് അഭ്യർത്ഥിച്ചാണ് രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്തേക്ക് മടങ്ങിയത്.

ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കേന്ദ്ര ആഭ്യന്ത്രമന്ത്രി അമിത്ഷായുമായി ദൽഹിയിൽ കൂടിക്കാഴ്ച നടത്തിയപ്പോൾ

എന്റെ പൊന്നേ!... സ്വർണം പവന് 69,960 രൂപയായി

ന്യൂദൽഹി: സ്വർണവില വർധിച്ച് പവന് 69,960 രൂപയിലെത്തി. രണ്ട് ദിവസത്തിനുള്ളിൽ പവന് 5000 രൂപയാണ് ഉയർന്നത്. ഇന്നലെ മാത്രം ഭാരതത്തിൽ 2000 രൂപയിലധികമാണ് സ്വർണവില ഉയർന്നത്. ഇതോടെ രണ്ട് ദിവസത്തിനുള്ളിൽ ഉയരുന്ന സ്വർണവില 5000ൽ അധികമായി. വ്യാഴാഴ്ച പവന് 2940 രൂപയാണ് ഉയർന്നത്. ഡൊണാൾഡ് ട്രംപ് പകരച്ചുങ്കം ഏർപ്പെടുത്തിയതിന് പിന്നാലെ ചൈനയും യുഎസും തമ്മിലുള്ള വ്യാപാര യുദ്ധം ആരംഭിച്ചതോടെയാണ് സ്വർണവില ഉയരാൻ തുടങ്ങിയത്.

യുഎസിലേക്ക് കയറ്റുമതി ചെയ്യുന്ന രാജ്യങ്ങൾക്കെല്ലാം ട്രംപ് പകരച്ചുങ്കം പ്രഖ്യാപിച്ചതോടെ എറ്റവും മികച്ച നിക്ഷേമായി സ്വർണത്തെ കണക്കാക്കി വിൽപനയും വർധിച്ചിട്ടുണ്ട്. മുംബൈയിൽ 22 കാരറ്റ് സ്വർണത്തിന് 10 ഗ്രാമിന് 87,450 രൂപയും 24 കാരറ്റിന് 10 ഗ്രാമിന് 95,400 രൂപയും ആയിരുന്നു വില. അതേസമയം വെള്ളിക്ക് 100 രൂപയുടെ നേരിയ വർധനവ് മാത്രമാണുണ്ടായത്.

കേരളത്തിൽ സ്വർണവില ഇന്നലെ സർവകാല റിക്കാർഡിലെത്തി. ഗ്രാമിന് 185 രൂപ കൂടി വില 8,745 രൂപയായി, ഒരു പവന് 69,960 രൂപയാണ് ഇപ്പോഴത്തെ വില, അതായത് 40 രൂപ കൂടി വർധിച്ചാൽ 70,000 ലെത്തും. ഇതാദ്യമായാണ് സ്വർണവില 69,000 കടക്കുന്നത്. 24 കാരറ്റിന് പവന് 76,320 രൂപയും ഗ്രാമിന് 9,540 രൂപയുമാണ് വില. 18 കാരറ്റിന് പവന് 57,240 രൂപയും ഗ്രാമിന് 7,155 രൂപയുമാണ് വില. ജനുവരി 22ന്നാണ് സ്വർണവില ആദ്യമായി 60,000 കടന്നത്. തുടർന്ന് ഫെബ്രു. 11ന് പവൻ വില 64,000 കടന്നിരുന്നു. മാർച്ചിൽ 66,000ലെത്തി. ഏപ്രിൽ ഒന്നിനാണ് പവൻ വില 68,000 ലെത്തിയത്.

■ പകരച്ചുങ്കം

തിരിച്ചടിച്ച് ചൈന, യുഎസിന് 125:% ഇറക്കുമതി തീരുവ

ബീജിങ്: പകരച്ചുങ്കപ്പോരിൽ അമേരിക്കക്ക് അതേ നാണയത്തിൽ തിരിച്ചടി നല്കി ചൈന. അമേരിക്കയുടെ ഇറക്കുമതി ഉത്പന്നങ്ങൾക്കുള്ള നികുതി 125 ശതമാനമാക്കി ഉയർത്തിയതായി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് അറിയിച്ചു. പകരച്ചുങ്ക നടപടികൾ മരവിപ്പിച്ചതിൽ നിന്ന് ചൈനയെ ഒഴിവാക്കിയ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനുള്ള മറുപടിയാണിത്.

നേരത്തെ ചൈനയിൽ യുഎസിന്റെ ഇറക്കുമതി തീരുവ 84 ശതമാനമായിരുന്നു. പുതിയ തീരുവ ഇന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നും ചൈന കൂട്ടിച്ചേർത്തു. ചൈനീസ് ഉത്പന്നങ്ങൾക്കുള്ള ഇറക്കുമതി തീരുവ 125 ശതമാനമുയർത്തിയ ഡൊണാൾഡ് ട്രംപിന്റെ നടപടിയെ ഭയക്കുന്നില്ലെന്ന് പറഞ്ഞതിനു പിന്നാലെയാണ് ചൈനയുടെ പ്രതികാര പ്രഖ്യാപനം. യുഎസുമായുള്ള വ്യാപാര യുദ്ധം മറികടക്കാൻ സഹകരിക്കണമെന്ന് യൂറോപ്യൻ യൂണിയനോട് ഷി ജിൻപിങ് ആവശ്യപ്പെട്ടിട്ടുണ്ട്.

കമ്പോളം

സ്വർണം പവൻ 69,960 — സ്വർണം ഗ്രാം 8745

വെളിച്ചെണ്ണ മില്ലിങ്	27,100
വെളിച്ചെണ്ണ	26,600
കൊപ്ര	17,600–17,800
പിണ്ണാക്ക് എക്സ്പെല്ലർ	3800
പിണ്ണാക്ക് നോട്ടറി	4000
കുരുമുളക് അൺഗാർബിൾഡ്	71,300
പുതിയ കുരുമുളക്	70,300
കുരുമുളക് ഗാർബിൾഡ്	73,300
ചുക്ക് മീഡിയം	32,500
ചുക്ക് ബെസ്റ്റ്	35,000
മഞ്ഞൾ നാടൻ	ഇല്ല
സേലം-ഈറോഡ്	15,500–16,000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	38,000
പഞ്ചസാര	4400
മുളക്	19,000
ഉഴുന്ന്	10,900–11,600
ചെറുപയർ	9600–11,200
കടല	8800–10,000
മുതിര	7700
എള്ള്	25,000
മല്ലി	7800–9200
പച്ചരി നമ്പർ 1	4700
പുഴുക്കലരി (ജയ)	4200–5000
ജാതിക്ക തൊണ്ടൻ	180–250
ജാതിക്ക തൊണ്ടില്ലാത്തത്	530–600
ജാതിപത്രി ചുവപ്പ്-മഞ്ഞ	1100–1300
ജാതി ഫ്ലവർ ചുവപ്പ്	1200–1800
ജാതി ഫ്ലവർ മഞ്ഞ	1300–1900
ഗ്രാമ്പൂ	800–910
ഏലം കൂടിയ വില	3046
ശരാശരി വില	2818.38
റബർ ആർഎസ്എസ് 5 ഗ്രേഡ്	18,700–19,300
റബർ ആർഎസ്എസ് 4 ഗ്രേഡ്	19,700
ഒട്ടുപാൽ	12,700
ലാറ്റക്സ്	13,000

ഓഹരി

സെൻസെക്സ്	73,137.90
നിഫ്റ്റി	22,161.60

വിനിമയ നിരക്ക്

കറൻസി	വാങ്ങൽ	വിൽക്കൽ
ഡോളർ	86.11	86.05
യൂറോ	98.02	97.96
പൗണ്ട്	112.97	112.90
സ്വിസ്ഫ്രാങ്ക്	105.92	105.86
സിംഗപ്പൂർ ഡോളർ	65.16	65.10
ആസ്ട്രലിയൻഡോളർ	53.54	53.47
കനേഡിയൻ ഡോളർ	61.97	61.90
ബഹറിൻ ദിനാർ	228.48	
കുവൈറ്റ് ദിനാർ	280.54	
മൊറീഷ്യൻ	225.22	
സൗദി റിയാൽ	22.91	
യുഎഇ ദിർഹം	23.42	
ഖത്തർ റിയാൽ	23.78	

കേരള സംസ്ഥാന ഭാഗ്യക്കുറി NIRMAL NR427 DRAW RESULT 11/04/2025

₹70 NN 210935 (പ്രത്യേകം)
₹8000 NO 210935 NP 210935 NR 210935 NS 210935 NT 210935 NU 210935 NV 210935 NW 210935 NX 210935 NY 210935 NZ 210935
₹10 NS 279252 (ഇതിനോടകമുള്ള)
₹1 NN 185900 NO 177960 NP 170178 NR 114940 NS 840366 NT 776255 NU 472705 NV 723494 NW 640514 NX 691420 NY 249789 NZ 757835
₹5000 0125 0157 0856 1652 2199 2293 2590 2652 3209 3744 5519 6112 7205 7772 7777 8624 8735 9504
₹1000 0088 0168 0225 0727 0805 1124 1391 2389 2847 3130 3153 3783 3941 4113 4437 4942 5102 5131 5240 5263 5437 5694 5906 6103 6151 6651 7115 7590 8229 8829 8901 9063 9131 9330 9678 9745
₹500 0023 0090 0161 0652 0790 0885 1020 1043 1310 1516 1590 1716 1887 1966 2322 2430 2603 2694 2742 2796 2973 3013 3055 3164 3169 3334 3469 3612 3747 4056 4122 4313 4331 4349 4445 4487 4497 4519 4565 4774 4775 4816 4849 4889 5111 5171 5180 5347 5508 5632 5867 5882 5963 6132 6258 6633 6662 6704 6926 7007 7326 7537 7896 8056 8127 8142 8286 8345 8521 8604 8643 8759 8823 9018 9406 9542 9551 9804 9840
₹100 0126 0154 0160 0392 0491 0617 0816 0831 0889 1040 1062 1102 1127 1216 1257 1349 1429 1482 1557 1736 1850 2076 2303 2521 2560 2567 2582 2599 2631 2635 2639 2687 2746 2885 3064 3090 3122 3143 3178 3234 3281 3350 3365 3407 3538 3575 3607 3648 3933 3970 4051 4082 4115 4116 4132 4200 4263 4277 4358 4375 4535 4568 4643 4648 4739 5063 5179 5264 5267 5269 5337 5397 5619 5891 5910 6109 6418 6543 6585 6607 6628 6778 6792 6818 6866 6964 7162 7221 7410 7473 7522 7557 7587 7601 7662 7809 7815 7871 8025 8092 8175 8213 8313 8376 8390 8547 8579 8646 8947 8968 9049 9110 9188 9211 9305 9369 9628 9636 9720 9723 9831 9960

■ ബംഗാളിലെ വിസി നിയമനം

ഗുണനിലവാരത്തിൽ വീണ്ടും നിലപാടുറപ്പിച്ച് ഗവർണർ ആനന്ദബോസ്

● 17 സർവകലാശാലകളുടെ കാര്യത്തിൽ വിയോജനക്കുറിപ്പ് മുദ്രവെച്ച കവറിൽ സുപ്രീംകോടതിക്ക് സമർപ്പിച്ചു

കൊൽക്കത്ത: ബംഗാളിൽ സർക്കാർ സർവകലാശാല വൈസ് ചാൻസലർ നിയമനത്തിൽ പുതിയ വഴിത്തിരിവ്. ചാൻസലർ എന്ന നിലയിൽ 19 സർവകലാശാലകളിൽ സ്ഥിരം വിസിമാരെ നിയമിച്ച ഗവർണർ ഡോ. സിവി ആനന്ദബോസ്, മറ്റു 17 സർവകലാശാലകളിലേക്ക് സർക്കാർ ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ തന്റെ വിയോജനവും നിഗമനങ്ങളും മുദ്രവെച്ച കവറിൽ സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തു.

ഇതോടെ ബംഗാളിൽ ഉന്നത വിദ്യാഭ്യാസമേഖലയിൽ ഗുണനിലവാരം ഉറപ്പാക്കാൻ ഗവർണർ എടുക്കുന്ന ഉറച്ച നിലപാടുകൾ വീണ്ടും സജീവ ചർച്ചാവിഷയമായി. സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ സർവകലാശാലകളുടെയും ചാൻസലറായ ഗവർണർ ആനന്ദബോസ്, വിസി സ്ഥാനത്തേക്കുള്ള സ്ഥാനാർത്ഥികളുടെ പശ്ചാത്തലം വിശദമായി അവലോകനം ചെയ്തതിന് ശേഷമാണ് സുപ്രീംകോടതിക്ക് റിപ്പോർട്ട് കൈമാറിയത്. ഈ 17 സർവകലാശാലകളിൽ കൽക്കട്ട, ജാദവ്പൂർ സർവകലാശാലകളും ഉൾപ്പെടുന്നു.

"ചാൻസലർ കൂടിയായ ഗവർണർ ഇതിനകം 19 സർവകലാശാലകളിൽ വിസിമാരെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള 17 സർവകലാശാലകളുടെ കാര്യത്തിൽ, മുഖ്യമന്ത്രി ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികളുടെ പശ്ചാത്തലവും യോഗ്യതകളും സൂക്ഷ്മമായ വിലയിരുത്തി ഗവർണർ തന്റെ നിലപാട് സുപ്രീംകോടതിക്ക് സമർപ്പിച്ചിട്ടുണ്ട്. മറുഭാഗത്തിന്റെ വാദം കൂടി സുപ്രീംകോടതി കേട്ടശേഷം അക്കാര്യത്തിൽ രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കാൻ ഗവർണർക്ക് കഴിയുമെന്ന് പ്രത്യാശിക്കുന്നുതായി എക്സ് ഹാൻഡിലിൽ രാജ്ഭവൻ മീഡിയ സെൽ വ്യക്തമാക്കി.

ജസ്റ്റിസ് യു.യു. ലളിത് തയ്യാറാക്കിയ ചുരുക്കപ്പട്ടികയിൽ നിന്നാണ് സർക്കാർ വിസി സ്ഥാനാർത്ഥികളുടെ പാനൽ ഗവർണർക്ക് സമർപ്പിച്ചത്.

CHANGE OF NAME

I, AMINAKUTTY, PPTNO : F7924933, ATTOOR VALAPPIL (H), KORATTIKKARA .P.O, THRISSUR, hereby change my name as AMINAKUTTY ATTOOR VALAPPIL MUHAMMED.

CHANGE OF NAME

"I, Gracy CL, the legally wedded spouse of JC-419122M, Ex-Nb Sub Francis CA, residing at Chittilapilly House, Post and Village Thekkumkara, Thalappilly Taluk, Thrissur District, Kerala-680589, hereby declare that I have changed my name from GRACY FRANCIS to GRACY CL. My date of birth is 22nd May 1962, as per the affidavit dated 24th March 2025, sworn before the NotaryPublic, Wadakanchery."

നോട്ടീസ്

1989 വർഷത്തെ 126329 എന്ന രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡുപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

സുധീർ പി. പി
പട്ടാളി ഹൗസ്
പി. ഒ. കുണ്ടലിയൂർ
680616

നോട്ടീസ്

1993 March ലെ 290061 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് തിരിച്ചുകിട്ടാത്ത വിധം നഷ്ടപ്പെട്ടതിനാൽ ആയതിന്റെ ഡുപ്ലിക്കേറ്റ് ലഭിക്കുന്നതിനായി പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷ നൽകുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

JINSY PAUL.K
KALATHIPARAMBIL HOUSE
PUTHENVELIKKARA.

കെ.ഇ. ഇസ്മയിലിന് സസ്പെൻഷൻ പാനൽ മത്സരം വേണ്ടെന്ന് സിപിഐ

തിരുവനന്തപുരം: മണ്ഡലം, ജില്ലാ സമ്മേളനങ്ങൾ ചേരാനിരിക്കെ ഗ്രൂപ്പിസത്തിൽ ഭയന്ന് പാനൽ മത്സരം വേണ്ടെന്ന് സിപിഐ തീരുമാനം. ഔദ്യോഗിക പാനലിനെതിരെ മത്സരം വേണ്ടെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. മുതിർന്ന നേതാവ് കെ.ഇ. ഇസ്മയിലിനെ ആറുമാസത്തേക്ക് സസ്പെന്റും ചെയ്തു. ഇന്നലെ ചേർന്ന സിപിഐ കൗൺസിൽ സസ്പെൻഷന് അംഗീകാരം നൽകി.പാർട്ടി സമ്മേളനങ്ങളിൽ ഗ്രൂപ്പ് പോര് ശക്തമാകുമെന്ന് വ്യക്തമായതോടെയാണ് ഒദ്യോഗിക പാനലിനെതിരെ മത്സരമേ വേണ്ടെന്ന തീരുമാനത്തിലേക്ക് എത്തിയത്. പാനലിനെതിരെ എതിർ പാനലായി മത്സരം അനുവദിക്കില്ലെങ്കിലും വ്യക്തികളായി മത്സരിക്കാമെന്നാണ് ബിനോയ് വിശ്വത്തിന്റെ നിലപാടിനുള്ള അംഗീകാരം.

ICICI Home Finance

കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ എച്ച് എഫ് സി ടവർ, അന്ധേരി - കുർള റോഡ്, ജെ.ബി. നഗർ അന്ധേരി (ഈസ്റ്റ്) മുംബൈ - 400059, ഇന്ത്യ

ശാഖ ഓഫീസ്: ഒന്നാം നില, സുനർ ടവർ, 24/368(3), നിസാൻ പിസ്കിളിന് എതിർവശം, കുന്നത്തുമേട് പോസ്റ്റ്, പാലക്കാട് - 678013.

പ്രൊവിസോ റൂൾ 8(6) കാണുക സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിശദ നോട്ടീസ്

2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്തു വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ് വായ്പ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെക്കൊടുത്ത വസ്തുക്കൾ തപ്പി ചെലവിനായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ" എവിടെയോണോ ഉള്ളത്" എന്നാണോ ഉള്ളത്" "എങ്ങനെയാണോ ഉള്ളത് അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിവരം അതിൻ എന്തെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് ഇംഗ്ലീഷ്		വസ്തു പരിശോധന തീയതിയും സമയവും	ലേല തീയതി, സമയം	ലേല തീയതിക്ക് ഒരു ദിവസം മുമ്പ്	സർഫേസി സ്റ്റേറ്റ്
(A)	(B)	(C)	(D)	(E)		(F)	(H)		(I)
1	രവീന്ദ്രൻ കെ (വായ്പക്കാരൻ) സംഗീത പ്രിയ ബി (സഹവായ്പക്കാരി) ലോൺ അക്കൗണ്ട് നമ്പർ NHPGT00000871816 & NHPGT00000871817 & NHPGT00001261301	വീട് നമ്പർ 19/415, സർവ്വേ നമ്പർ 992, ബ്ലോക്ക് നമ്പർ 2/25, വില്ലേജ് പാലക്കാട് 2, താലൂക്ക് & ജില്ല പാലക്കാട്.	Rs. 76,35,337/- (As on 7th Apr'25)	Rs. 37,12,320/-	Rs. 3,71,232/-	9th May,'25 11AM - 3PM	16th May,' 25 2PM - 3PM	15th May,' 25	ഭാഗികമായ പേജ്

വാലു ട്രസ്റ്റ് ക്യാപ്പിൾ സർവീസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ (യു ആർ എൽ ലിങ്ക് https://BidDeal.in) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക സ്ഥലം ജാമ്യമായി നൽകിയവർക്ക് 15 മെയ്, 2025 വൈകിട്ട് 5 മണിവരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇംഗ്ലീഷ്, ആർ ടി ജിഎസ് /ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് 15 മെയ്, 2025 വൈകിട്ട് 4 മണിക്കുമുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോ